**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **17-03-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ഇടത്തരം വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **null**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധവകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലകപോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി |

| | | | |
|---|---|---|---|
| | | | യുടെ നേതൃത്വത്തിൽ ഒരു കാൾസെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി(ESS) 2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4.പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ a.Revival and rehabilitation scheme for defunct MSMEs and cashew processing units b.The Kerala stressed MSMEs Revival & Rehabilitation Scheme 5.കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത Scheme for Interest Subvention on Term Loan and working capital loan 6.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 7.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി 8.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) 9.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി. |
| (ബി) | കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പാക്കിവരുന്ന പ്രൈം മിനിസ്റ്റേർസ് ഫോർമലൈസേഷൻ ഫോർ മൈക്രോഫുഡ് പ്രോസസിങ്ങ് എന്റർപ്രൈസ് (PMFME) എന്ന പദ്ധതി പ്രകാരം ഭക്ഷ്യസംസ്കരണ യൂണിറ്റ് നടത്തി വരുന്ന കുടുംബശ്രീ അംഗങ്ങൾക്ക് സീഡ്ക്യാപിറ്റൽ ആയി 40,000 രൂപയ്ക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഭക്ഷ്യസംസ്ക്കരണ രംഗത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കും ഗ്രൂപ്പിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങളുടെ രൂപവൽക്കരണത്തിനും 35% വായ്പാബന്ധിത സബ്സിഡി ഈ പദ്ധതിപ്രകാരം ലഭ്യമാകുന്നതാണ്. 2021-22 സാമ്പത്തിക വർഷം ഇത് വരെ 1440 കുടുംബശ്രീ അംഗങ്ങൾക്ക് സീഡ്ക്യാപിറ്റൽ ആയി 4,30,51,096 രൂപ PMFME പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതു അവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ കുടുംബശ്രീ മുഖേന നടത്തി വരുന്നുണ്ട്. കൂടാതെ സൂക്ഷ്മ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനായി പലിശ സബ്സിഡി, സ്റ്റാർട്ട് അപ് ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് തുടങ്ങി വിവിധ തരത്തിലുള്ള സാമ്പത്തിക സഹായവും, പിന്തുണാ സഹായവും കുടുംബശ്രീ മുഖേന ലഭ്യമാക്കി വരുന്നു. സൂക്ഷ്മ സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, പെർഫോർമൻസ് ഇംപ്രൂവ്മെന്റ് പരിശീലനവും എന്നിവയും കുടുംബശ്രീ മുഖേന ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ